**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4174** **28-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. റിട്ടേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നടപ്പുസാമ്പത്തികവർഷം വ്യാപാരി-വ്യവസായികളുടെ വാർഷിക റിട്ടേൺ സമർപ്പിക്കലിനും പരിശോധനകളിലും സംസ്ഥാന ധനകാര്യവകുപ്പ് എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ജി.എസ്.ടി.യിൽ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നത് സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നത് ജി.എസ്.ടി. കൗൺസിൽ ആണ്. വാർഷിക റിട്ടേണുകളുടെ പരിശോധന നിലവിൽ നടന്നു വരുന്നുണ്ട്. ഇതിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ ചർച്ചകൾ നടന്നു വരുന്നു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ കൂടുതൽ ഓഡിറ്റ് ഓഫീസുകൾ രൂപികരിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിഗണനയിലാണ്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വകുപ്പിന്റെ പുന:സംഘടന ഉൾപ്പെടെയുള്ള വിഷയങ്ങളും പരിഗണനയിലാണ്. |
| (ബി) | ഇതിനായി സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ വരുത്തിയ മാറ്റങ്ങളും അതുവഴി നികുതി ചോർച്ച തടയുവാൻ സ്വീകരിച്ച വ്യവസ്ഥകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമായ ജി.എസ്.ടി-യിലെ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ANPR സമ്പ്രദായം ഉപയോഗിച്ചുള്ള ഇ-വേ ബിൽ പരിശോധന, ഡാറ്റ അനാലിസിസ് തുടങ്ങിയ മാർഗങ്ങളിലൂടെ നികുതി വെട്ടിപ്പ് പെട്ടെന്ന് കണ്ടെത്തി കൂടുതൽ കാര്യക്ഷമമായി നടപടികൾ സ്വീകരിക്കാൻ കഴിയും. ഇത് കൂടാതെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനിക വത്കരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്ന വ്യാപാരി-വ്യവസായികളുടെ എണ്ണം എത്രയെന്നും ഇതിൽ രണ്ടുകോടിയിലധികം വിറ്റുവരവുള്ളവർ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിലെ കണക്കനുസരിച്ച് സംസ്ഥാനത്തു ജി എസ് ടി ആർ - 3ബി റിട്ടേൺ ഫയൽ ചെയ്യുവാൻ ബാധ്യതയുള്ള 3,40,181 നികുതിദായകർ (ടാക്സ്പെയേഴ്സ്) ഉണ്ട്. 2020-21 സാമ്പത്തികവർഷത്തെ കണക്കനുസരിച്ച് രണ്ടു കോടിയിലധികം വാർഷിക വിറ്റുവരവ് ഉള്ള 38,659 ടാക്സ്പെയേഴ്സ് ഉണ്ട്. |

സെക്ഷൻ ഓഫീസർ